A

# സമഗ്ര ശിക്ഷാ കേരളം

612

# വാർഷിക മൂല്യനിർണ്ണയം 2022-23

## മലയാളം

ക്ലാസ് : 6 **അടിസ്ഥാനപാഠാവലി** സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആറു പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ അഞ്ചു പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി. ഒന്നാമത്തെ പ്രവർത്തനം നിർബന്ധമാണ്.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ചു നോക്കൂ. ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.

വല്ലാത്ത ക്ഷീണം. തളർന്നു കുഴഞ്ഞു പോകുന്നതുപോലെ തോന്നി വെയിലിന്. ഇത്തിരി വിശ്രമിക്കണം. വെയിൽ മരച്ചില്ലകൾക്കിടയിലേയ്ക്ക് നൂണ്ടു കടന്നു. നല്ല തണുപ്പ്. നല്ല സുഖം. ഇലകൾക്കിടയിലേക്ക് മുഖം പൂഴ്ത്തിക്കിടന്നപ്പോഴേക്കും വെയിലിന്റെ കണ്ണുകൾ അടഞ്ഞടഞ്ഞു വന്നു.

വെയിലിന്റെ ചുരുണ്ടു കൂടിയുള്ള കിടപ്പു കണ്ട് കാറ്റിന് പാവം തോന്നി. അത് വിശറിയെടുത്ത് പതുക്കെ വീശാൻ തുടങ്ങി. ഇലകൾക്കുള്ളിൽ നിന്നും നേരിയ കൂർക്കംവലി ഉയർന്നു. “ഹായ്, വെയിലിന്റെ മണം!”

മരത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിക്കുകയായിരുന്ന അണ്ണാൻ മണം പിടിച്ചു. “ഹായ്, വെയിൽ മണം.”

ഇലക്കൂട് പണിയുന്ന തിരക്കിനിടയിലും ഉറുമ്പുകൾ മൂക്കു വിടർത്തി. മരക്കൊമ്പിലിരുന്ന് ചിറക് കോതിമിനുക്കുന്ന കിളികൾ തലയുയർത്തി നോക്കി.
പിന്നെ ആകെയൊരു ബഹളം.

ഉറുമ്പുകളും കിളികളും അണ്ണാനും വെയിലിന്റെ കിടപ്പു കാണാൻ പാഞ്ഞു. പൂക്കൾ തേടി നടക്കുകയായിരുന്ന ഒരു പൂമ്പാറ്റയും ബഹളം കേട്ട് എത്തിനോക്കി പിന്നെ കണ്ണുകൾ ഒന്നുകൂടി മിഴിച്ച് മറ്റുള്ളവരുടെ കൂട്ടത്തിൽ കൂടി. ഇതിനിടയിൽ വെയിൽ ഒന്നു തിരിഞ്ഞു കിടന്നു. ഒരു മുഴുത്ത മാമ്പഴത്തിനു മുകളിലേക്ക് കാലു കയറ്റിവെച്ച് ഉറക്കം തുടർന്നു.

**- ഇ. എൻ. ഷീജ (വെയിലിനുമുണ്ടേ നിറമുള്ള ചിറകുകൾ)**

(1) ചുരുണ്ടുകൂടിയുള്ള വെയിലിന്റെ കിടപ്പുകണ്ട് കാറ്റ് എന്തുചെയ്തു?
(ചിറക് കോതിമിനുക്കി, പൂക്കൾ തേടി നടന്നു, വിശറിയെടുത്ത് വീശാൻ തുടങ്ങി)

(2) ഇലകൾക്കിടയിലേക്ക് മുഖം പൂഴ്ത്തിക്കിടന്നത് ആര്?
(അണ്ണാൻ, കാറ്റ്, വെയിൽ)

(3) ഉറക്കത്തിനിടയിൽ വെയിൽ കാലു കയറ്റി വച്ചതെവിടെ?
(മരച്ചില്ലയിൽ, മാമ്പഴത്തിന്മേൽ, ഇലക്കൂട്ടിൽ)

(4) ഈ കഥയിലൂടെ കാറ്റ്, വെയിൽ എന്നിവ നമുക്ക് തരുന്ന സന്ദേശമെന്താണ്?
(തങ്ങളുടെ ശക്തി പ്രകടിപ്പിക്കണം, മറ്റുള്ളവരെ തളർത്തണം, പരസ്പരം സ്നേഹിക്കാനും സഹായിക്കാനും)

(5) എന്തുപയോഗിച്ചാണ് ഉറുമ്പുകൾ കൂട് ഉണ്ടാക്കുന്നത്?
(മരച്ചില്ലകൾ, പൂക്കൾ, ഇലകൾ)

**പ്രവർത്തനം 2 -(എ) വാങ്മയചിത്രം തയ്യാറാക്കുക.**

അരയിൽ വീതിയുള്ള കരയോടുകൂടിയ കസവുമുണ്ട്. അതിനു മുകളിൽ മുറുക്കിക്കെട്ടിയ രണ്ടാം മുണ്ട്. നെറ്റിയിലെ വിയർപ്പിൽ നനഞ്ഞു കുതിർന്ന ചന്ദനക്കുറി. കഴുത്തിൽ തിളങ്ങുന്ന മാലയിൽ തടിച്ച ലോക്കറ്റ് ആടിക്കളിക്കുന്നു. നിവർന്നും കുനിഞ്ഞും നോട്ടം കൊണ്ടും ആംഗ്യം കൊണ്ടും കൂട്ടുകാരെ പ്രോത്സാഹിപ്പിച്ച് ഇരുകൈകളിലുമുള്ള കോലുകളാൽ ചെണ്ടപ്പുറത്ത് മേളപ്പെരുപ്പം തീർത്ത് അയാൾ കാണികളെ ആവേശം കൊള്ളിക്കുന്നു.

ഒരു ചെണ്ടക്കാരന്റെ വാങ്മയചിത്രമാണ് നിങ്ങൾ വായിച്ചത്. നിങ്ങൾക്ക് ഇഷ്ടമുള്ള കായിക താരത്തിന്റെയോ കലാകാരന്റെയോ വാങ്മയചിത്രം തയ്യാറാക്കുക.

**(ബി)** "അവശേഷിച്ച വിരലുകളിൽ ജീവിതം ഒതുക്കി ഗ്രാമം മുന്നോട്ടു പോയി."നോവലിസ്റ്റ് ഈ വാക്യം കൊണ്ട് ഉദ്ദേശിച്ചത് എന്താണ്?

(ജോലി ഒന്നും ചെയ്യേണ്ട, മറ്റു പണികൾ ചെയ്തു ജീവിച്ചു, വിരലുകളില്ലാതെയും ജോലി ചെയ്യാം)

**പ്രവർത്തനം 3 - (എ) വിശകലനക്കുറിപ്പ് തയ്യാറാക്കുക.**

കൂട്ടിലടച്ച ഒരു പക്ഷിയുടെ സങ്കടം നോക്കൂ.

"വിട്ടയക്കുക കൂട്ടിൽ നിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നു നടക്കട്ടെ"

**- ബാലാമണിയമ്മ (വിട്ടയക്കുക)**

കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.

**(ബി)** 'ഒലി' എന്ന വാക്കിന്റെ സമാനപദം?
(ചെളി, ശബ്ദം, മഴ)

**പ്രവർത്തനം 4 - (എ) അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.**

"സമാധാനമായി വിശ്രമിക്കൂ... ഇനിയെങ്കിലും തെറ്റ് ആവർത്തിക്കാതിരിക്കട്ടെ."
ഹിരോഷിമ നഗരത്തിൽ യുദ്ധത്തിൽ മരിച്ചവരുടെ സ്മാരകത്തിന്റെ കവാടത്തിൽ
ഇങ്ങനെ എഴുതിയിട്ടുണ്ട്.

യുദ്ധവും അക്രമവുമൊക്കെ മനുഷ്യസമാധാനത്തിനും നന്മയ്ക്കും ഭീഷണിയാണ്. നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക.

**(ബി)** 'ബാലലീല' - യിലെ 'ലീല' എന്തിനെ സൂചിപ്പിക്കുന്നു?
(പേര്, കുട്ടി, കളി)

**പ്രവർത്തനം 5 - (എ) ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.**

കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

"ആകാശ സീമകൾക്കപ്പുറത്തപ്പുറ-
ത്താരുമറിയാത്ത ലോകമുണ്ടാവുമോ?
ആ പ്രപഞ്ചത്തിൽ മനുഷ്യരുണ്ടാവുമോ?
ആ നീലവാനം നിലാവു പെയ്തീടുമോ?

ആ പ്രപഞ്ചത്തിലും മാമരച്ചാർത്തുക-
ളോമനിച്ചെത്തുമോ മദ്ധ്യാഹ്നമാരുതൻ?
കൊച്ചുപൂവിന്റെ മുഖം തുടുപ്പിക്കുവാൻ
കുങ്കുമച്ചെപ്പു തുറക്കുമോ സന്ധ്യകൾ?

രാത്രിയിൽ വാനിന്റെയെത്താത്ത കൊമ്പത്തു
പൂത്തൊരുങ്ങീടുമോ നക്ഷത്രമുല്ലകൾ?
സുപ്രഭാതം വിളിച്ചോതുന്ന പക്ഷിതൻ
പാട്ടു കിലുങ്ങുമോ പാതയോരങ്ങളിൽ?

**- പി. മധുസൂദനൻ(അറിയാത്ത ലോകം)**

**പ്രവർത്തനം 6 - (എ) കുറിപ്പ് തയ്യാറാക്കുക.**

*മേളകളും ഉത്സവങ്ങളും ആഘോഷങ്ങളുമൊക്കെ മനുഷ്യരെ ഒരുമിപ്പിക്കുന്നവയാണ്.*

ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം എന്താണ്? കുറിപ്പ് തയ്യാറാക്കുക.

**(ബി)** "ബാലലീല"എന്ന കവിതയിൽ ഇലഞ്ഞിക്കായ്ക്ക് മാമ്പഴത്തിന്റെ മാധുര്യം അനുഭവപ്പെടുന്നു എന്ന് പറയുന്നതിന്റെ കാരണമെന്താവാം?

(ഇലഞ്ഞിക്കായ്ക്ക് ചവർപ്പാണ്, കുട്ടികൾ സ്വാതന്ത്ര്യത്തോടെ അവ കഴിച്ചതുകൊണ്ട്, മധുരം ഏറെയിഷ്ടമായതുകൊണ്ട്)